കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

[www.lfa.kerala.gov.in](www.lfa.kerala.gov.in)

# പനയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി-4/995 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി – 07/08/2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പനയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി4-995/19 തീയതി -07.08.2019

## കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2018 മുതൽ 16.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.19 മുതൽ 28.06.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി സിന്ധു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.റ്റി സിന്ധു | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ. സുബി എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അന.കെ.ആനന്ദ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീല. | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.സുനീഷ് കുമാർ എസ് | 01.04.18 മുതൽ 31.03.19 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അഗ്രിക്കൾച്ചർ ഓഫീസർ | ശ്രീ.നവാസ് .ഡി | 01.04.18 മുതൽ 14.12.18 വരെ |
| | ശ്രീമതി.തൻസി ഷെരീഫ് | 15.12.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രവീൺ പി കൃഷ്ണൻ | 01.04.18 മുതൽ 06.03.19 വരെ |
| | ശ്രീമതി. നീതു ചന്ദ്രൻ | 07.03.19 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്കർ | ശ്രീമതി. രമ്യ എ.സ്. | 01.04.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി. മിനി വി ആർ | 01.04.18 മുതൽ 31.03.19 വരെ |
| സബ് ഇൻസ്പെക്ടർ (ഫിഷറീസ്) | ശ്രീ.ഷൈനു എസ് പ്രഭ | 01.04.18 മുതൽ 31.01.19 വരെ |
| | ശ്രീ.സുരേഷ് കുമാർ | 01.02.19 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പ്രസന്നകുമാരി .ബി | 01.04.18 മുതൽ 15.11.18 വരെ |
| | ശ്രീമതി .റാണി എൽ വി | 16.11.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജാദേവി. ആർ | 01.04.18 മുതൽ 15.02.19 വരെ |
| | ശ്രീമതി .സഫിയ | 16.02.19 മുതൽ 31.03.09 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുമേഷ് .റ്റി | 01.04.18 മുതൽ 31.03.19 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി. സന്ധ്യ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.നിഷാ .പി. ഹരി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ | ഡോ. അനിത | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പ്രമീള .കെ. വി | 01.04.18 മുതൽ 31.05.18 വരെ |
| | ശ്രീമതി. ഗീതാഭായി തങ്കച്ചി | 01.06.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 2-1 |
| 14 | ടെണ്ടർ ഫാറം വില-തിരികെ ഈടാക്കണം | 2-2 |
| 15 | ബിൽഡിംഗ് പെർമിറ്റ് അവലോകനം | 2-3 |
| | | |

| | | |
|---|---|---|
| | ഭാഗം 3 | |
| 16 | പച്ചക്കുതിര – ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | 3-1 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | ഘ്ലുങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം (148/19) | 3-3 |
| 19 | തെരുവു വിളക്ക് പരിപാലനത്തിനായി തുക ചെലവഴിക്കൽ -തെരുവു വിളക്കുകളുടെ എണ്ണവുമായി വലിയ അന്തരം | 3-4 |
| 20 | അങ്കണവാടി ഫർണിച്ചർവാങ്ങൽ-ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 3-5 |
| 21 | ആസ്തിയിലില്ലാത്ത കടവ് മെയിന്റനൻസിനായി തുക ചെലവുചെയ്തു | 3-6 |
| 22 | ലൈഫ് ഭവന പദ്ധതി-അവലോകനം | 3-7 |
| 23 | മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-8 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ,വായ്പാതിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 31 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 32 | ഒാഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34 | അനുബന്ധം1 – ഓഡിറ്റ് സാക്ഷ്യപത്രം, 2018-19 | 1 |
| 35 | അനുബന്ധം2 – അനുബന്ധപത്രികകൾ | 2 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

28.02.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. .

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 17.5.19 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 25.6.19 | കെ.എസ്.എ-കെ.എൽ.എം.പി.4-995/19, തീയതി-7.8.19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,19,175 |
| വരവ് | 8,21,53,310 |
| ആകെ | 8,73,72,485 |
| ചെലവ് | 7,70,06,259 |
| നീക്കിയിരിപ്പ് | 1,03,66,226 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16949802 | 16949802 | 14632192 | 2317610 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10154000 | 10154000 | 9343090 | 810910 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8875000 | 8875000 | 5127605 | 3747395 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3461000 | 3461000 | 3371096 | 89904 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9843693 | 9843693 | 7352750 | 2490943 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 2521 | 92 | 2613 | 59 | 2554 |
| എം.ജി.എൻ.ആർ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| .ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14983326 | 14983326 | 14983326 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5447 | 280689 | 286136 | 281241 | 4895 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.എ.വൈ | 800000 | 0 | 800000 | - | 800000 |
| | ടി.എസ്.സി | 410400 | 0 | 410400 | - | 410400 |
| | എസ്.എസ്.എ | 300000 | 0 | 300000 | - | 300000 |
| | ഐ.സി.ഡി.എസ് | 1738287 | 482525 | 2220812 | 1939401 | 281411 |
| | മറ്റ് കേന്ദ്ര ഗ്രാന്റ് | 78289 | 2777 | 81066 | 0 | 81066 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| | ശുചിത്വമിഷൻ ഗ്രാന്റ് | 1005914 | 687000 | 1692914 | 0 | 1692914 |
| | Grant funds other Agencies total sanitation | 272710 | 826460 | 1099170 | 300561 | 798609 |
| | വിമുക്തി ഗ്രാന്റ് | 35595 | 25000 | 60595 | 34950 | 25645 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1604070 | 4983289 | 6587359 | 4825906 | 1761453 |
| | ജില്ലാ പഞ്ചായത്ത് | 0 | 2367251 | 2367251 | 2254550 | 112701 |
| ബി ഫണ്ട് | | 0 | 547080 | 547080 | 547080 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3818075 | 16794971 | 20613046 | 23056729 | -2443683 |
| | ട്രഷറി അക്കൗണ്ട് | -4877133 | 15329443 | 10452310 | 3939049 | 6513261 |
| ആകെ | | 5219175 | 82153310 | 87372485 | 77006259 | 10366226 |

സർക്കാരിലേയ്ക്ക് പിടിച്ച തുക 49,39,726/- രൂപ കൂടി കണക്കാക്കിയാണ് ട്രഷറി അക്കൗണ്ട് മുന്നിരിപ്പ് കണക്കാക്കിയിട്ടുള്ളത്. 2017-18 ൽ ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് പിടിച്ച തുക 49,39,726/- രൂപ 2018-19 ൽ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 131162053 | 123 | 60880685 | 28 | 37 | 65 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

<u>ഇല്ല</u>

ഗ്രാമപഞ്ചായത്തിന്റെ വികസന , ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 25 | 15103512 | 6641680 | 44 |
| അസി.സെക്രട്ടറി | 6 | 5 | 2780397 | 2382960 | 85 |
| അസി.എഞ്ചിനീയർ | 72 | 47 | 28801384 | 15137520 | 53 |
| കൃഷിഓഫീസർ | 6 | 5 | 1694150 | 1225275 | 72 |
| വെറ്റിനറി സർജൻ | 8 | 8 | 3363828 | 1612575 | 48 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1267100 | 1175012 | 93 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1050000 | 1050000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 295000 | 270000 | 92 |
| ഡയറി ഫാം ഇൻസ്ടക്ടർ | 3 | 3 | 2058000 | 1191150 | 58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 8023000 | 4631569 | 58 |
| വി.ഇ.ഒ1 | 5 | 4 | 46965715 | 17200000 | 37 |
| വി.ഇ.ഒ2 | 5 | 5 | 17794667 | 6953544 | 39 |
| എച്ച്.എം | 5 | 3 | 1965300 | 1409400 | 72 |

കാർഷിക -മൃഗസംരക്ഷണ മേഖലകളുടെ പുനരുജ്ജീവനത്തിനും ഉല്പാദനവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ട് ആശയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. നെൽകൃഷി വികസനത്തിന് നീക്കിവച്ച 1,90,000/-രൂപയിൽ 70,000/- രൂപമാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. നാളീകേര വികസനം ലക്ഷ്യമാക്കി ഏറ്റെടുത്ത പ്രോജക്ടിൽ വകയിരുത്തിയ 5,06,650/- രൂപയിൽ 2,12,775/- രൂപ മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. മൃഗസംരക്ഷണ മേഖലയിൽജനറൽ വിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിൻകീഴിലും ഏറ്റെടുത്ത പശുവളർത്തൽ പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനറൽ വിഭാഗത്തിൽ 50 ശതമാനവും പ്രത്യേക ഘടകപദ്ധതിയിൽ 22 ശതമാനവും തുകമാത്രമേ മേൽ പ്രോജക്ട് വകയിരുത്തലിൽ നിന്ന് ചെലവ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കാലിത്തൊഴുത്ത് നവീകരണത്തിന് വകയിരുത്തിയ 2,88,000/- രൂപയിൽ കേവലം 30,000/-രൂപ മാത്രമാണ് തൻവർഷത്തെ ചെലവ്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കി വി.ഇ.ഒ മുഖേന നടപ്പാക്കിയ കിണർ

റീചാർജ്ജിംഗ് എന്ന പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. വകയിരുത്തിയ 7,28,000/- രൂപയിൽ 63,650/- മാത്രമേ മേൽ പ്രോജക്ടിന് ചെലവുചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. സേവനമേഖലയിൽ പകൽവീടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്ത പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പ്രത്യേക ഘടക പദ്ധതി ഉപയോഗിച്ച് സെക്രട്ടറി ഏറ്റെടുത്ത് നടപ്പാക്കിയ ടാർജറ്റ് മസൂറി എന്ന പ്രോജക്ട് 15 ഗുണഭോക്താക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം സാദ്ധ്യമാക്കി. ഹിന്ദുസ്ഥാനി കലകളുടെ പ്രോത്സാഹനം ലക്ഷ്യം വച്ച് ഏറ്റെടുത്ത് നടപ്പാക്കുന്ന ഘുങ്ഗ്രൂഓർ ഘരാനാ എന്ന പ്രോജക്ടിലൂടെ ഹിന്ദുസ്ഥാനി സംഗീതപരിശീലനം സാധ്യമായിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നുള്ള ഗുണഭോക്താക്കളെ കൂടുതലായി ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,447 | 2,80,689 | 2,86,136 | 2,81,241 | 4,895 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,49,83,326 | 1,49,83,326 | 1,49,83,326 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,21,920,<br>95,160 | 128,<br>103 |
| കർഷകതൊഴിലാളി പെൻഷൻ | 11,19,300 | 95 |
| വിധവാപെൻഷൻ | 1,47,62,700 | 1269 |
| വാർദ്ധക്യകാലപെൻഷൻ | 2,22,42,600 | 2082 |
| വികലാംഗപെൻഷൻ | 49,17,600 | 380 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3,30,000 | 11 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 3,06,400 | 27 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.6.19ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,246/-.രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

<u>എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു സഹായകരമാകുന്നഫയൽ ട്രാക്കിംഗ് ടച്ച്സ്ക്രീൻ പോലെയുള്ളവയുടെ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ ഉപയോഗരഹിതമാണ്.

<u>ബി)നികുതി/നികുതിയേതര വരുമാനം</u>

കേരളാ പഞ്ചായത്തീരാജ്ആക്ട് ധനകാര്യവും നികുതി ചുമത്തലും വകുപ്പ് 205
( ഇ,എഫ്,എച്ച് ) വകുപ്പ് പ്രകാരം സെക്രട്ടറി നോട്ടീസ് മൂലം ആവശ്യപ്പെടുന്നതിൻപ്രകാരം തൊഴിലുടമ തന്റെ കീഴിൽ ജോലിചെയ്യുന്ന തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആയത് പ്രകാരം നികുതി നിർണ്ണയം നടത്തി തൊഴിൽ നികുതി ഒടുക്കുവരുത്തേണ്ടതുമാണ്. ഇപ്രകാരം വിവരങ്ങൾ നൽകാനോ നികുതി ഒടുക്കാനോ തൊഴിലുടമ വീഴ്ചവരുത്തുന്ന പക്ഷം ടിയാനെതിരെ ശിക്ഷാനടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും 205(കെ) വകുപ്പിൽ വ്യക്തമാക്കുന്നു. എന്നാൽ മേൽപ്രകാരം തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചുകാണുന്നില്ല. (ഖ. 2-1) നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാർഡ്തലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നു. ആയതിൻപ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഇവ ഈടാക്കാനും
ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് കേബിൾ ടി.വി ഓപ്പറേറ്റർമാർക്കുള്ള ലൈസൻസ്, ഓട്ടോ റിക്ഷാ-ടാക്സി സ്റ്റാന്റ് ലൈസൻസ്,തുടങ്ങി പുതിയ നികുതി ഇനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തെങ്കിലും ഈ ഇനങ്ങളിൽ നികുതി നിർണ്ണയം നടത്തിയിട്ടില്ല. ആയതിന് കേരളാപഞ്ചായത്ത് രാജ് ആക്ട് (നികുതിനിർണ്ണയവും ഈടാക്കലും അപ്പീലും)ചട്ടങ്ങൾ ചട്ടം 3 ,4 ഇവ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്**

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രതിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

**ഡി) അനിവാര്യച്ചുമതലകളുടെ നിർവ്വഹണം**

കേരളാപഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ തെരുവുവിളക്കുകളുടെ എണ്ണത്തിനാനുപാതികമായി ആവശ്യമായ സാധനസാമഗ്രികളുടെ എണ്ണം നിജപ്പെടുത്തി നടത്തേണ്ടതാണ്.(ഖ.3-4) .

## ഇ) ആസ്തികളുടെ സംരക്ഷണം

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ആസ്തിയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1/6/2019 | 3/2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/2018 | 2013 മുതൽ 2018 വരെ | 5.11.2018 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.ബാലൻസ് ഷീറ്റ് B3-Capital Contribution ൽ ഉൾപ്പെട്ടിട്ടുള്ള തുകയും B-

11 Fixed assets and B-11(a) Capital work in progress തുകയും തമ്മിൽ

52,51,780/- രൂപയുടെ വ്യത്യാസം കാണുന്നു. തനത് ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ

ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ,B17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിലെ Advance to other authorised agenciesൽ ഉൾപ്പെട്ടിട്ടുള്ള 174600/- രൂപ അഡ്വാൻസ് തുകയല്ല.ആയത് അപേക്ഷഫീസായി നൽകിയ തുകയാണ്. ആയതിനാൽ ടി തുക ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

4.2017-18 വർഷം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവായി രേഖപ്പെടുത്തിയ 30,000/- രൂപയുടെ യഥാർഥ ചെലവ് നടന്നിട്ടുള്ളത് 2018-19 ലാണ്. ആയതിനാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. കെട്ടിടനികുതി ഡിമാന്റ് കളക്ഷൻ തുകകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ABSTRACTS OF DEFECTS/DISCREPENCIES

1. The total of fixed assets in B11, shedule and capital work in progress in B11 (a) schedule differ from B3 by a value of 5251780/-. The details of own fund and other funds used for creation of asset is not produced.
2. B4 schedule does not tally with B17 schedule.
3. Rs.174600 included as Advance to other authorised agencies in B-18 schedule is not the actual advance amount. It is the amount given as Application fee. hence it should be corrected by including in expense side.
4. The actual expense of Rs.30000/- which is recorded as expense in 2017-18 schedule statement is done in 2018-19. hence the expense as per Sulekha statement does not tally that of AFS.
5. The property tax demand, collection, Balance amount in the AFS doesn't tally with actual amounts.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, പെരിനാട് | I &II |

കൂടാതെ പഞ്ചായത്തിന്റെ പരിധിയിലുള്ള പെരിനാട് റയിൽവേ സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം.- 08/28.06.2019**

### 2-2 ടെണ്ടർ ഫാറം വില-തിരികെ ഈടാക്കണം

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡറിംഗ് നടത്തിയതിന് കരാറുകാരിൽ നിന്നും ഈടാക്കിയ ടെൻഡർ ഫോം വില

എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവന്നിട്ടുള്ളത്. ഓഡിറ്റ് വർഷം ടെൻഡർഫോം വിലയിനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 35 പ്രവൃത്തികൾക്കായി 96770/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഈയിനത്തിൽ തിരികെ ലഭ്യമാകാനുള്ള തുക തിരികെ ലഭ്യമാക്കുന്നതിന് വേണ്ട ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് അവലോകനം

2016-17 സാമ്പത്തിക വർഷം പനയം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിനായി 150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ Coastal Regulation Zone-ൽ ഉൾപ്പെട്ടതിനാലും മതിയായ രേഖകൾ ഹാജരാക്കാത്തതിനാലും 27 അപേക്ഷകൾ നിരസിച്ചു.അവശേഷിക്കുന്ന 123 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പച്ചക്കുതിര-ലക്ഷ്യം കൈവരിക്കാത്ത പദ്ധതി

പ്ലാസ്റ്റിക് ക്യാരിബാഗിന് പകരം സംവിധാനമായി തുണി സഞ്ചി വാങ്ങി നൽകുന്നതിലൂടെ പഞ്ചായത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ട് സേവനമേഖലയിൽ ഏറ്റെടുത്ത പദ്ധതി ലക്ഷ്യം കൈവരിക്കാതെ വാങ്ങിയ തുണി സഞ്ചികൾ പഞ്ചായത്തിന്റെ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | പച്ചക്കുതിര (തുണി സഞ്ചിക്കായി ഒരു ഹരിത സംരംഭം)<br>(129/19) |
| അടങ്കൽ തുക | 1,50,000/- (വികസന ഫണ്ട്)<br>1,50,000<br>(ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ നേരിട്ട് ഒടുക്കുന്നത്) |
| ചെലവ് തുക | 66,096/-<br>(31/18-19/17.10.18) |

തുണി സഞ്ചി നിർമ്മാണയൂണിറ്റുകളിൽ നിന്ന് തുണി സഞ്ചി വാങ്ങി ഒരു വീടിന് രണ്ട് തുണി സഞ്ചി വീതം വിതരണംചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. പ്ലാസ്റ്റിക് ക്യാരിബാഗിന് പകരം സംവിധാനമായി തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിലൂടെ പഞ്ചായത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതിയിൽ 2018-19 വർഷം 66,096/- രൂപയും 2019-20 വർഷം

41,400/-രൂപയും ചെലവഴിച്ച് ആകെ 5972 എണ്ണം തുണി സഞ്ചികൾ ടെണ്ടർ നടപടികളിലൂടെ അനുഗ്രഹ ആക്ടിവിറ്റി ഗ്രൂപ്പ്, ചിററയം എന്ന യൂണിറ്റിൽ നിന്ന് വാങ്ങി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ തുണിസഞ്ചിവിതരണം നടപ്പാക്കി പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഹരിതകർമ്മസേനയുടെ പ്രവർത്തനം ഫലപ്രദമായി നടക്കാതിരുന്നതിനാലാണ് തുണി സഞ്ചി വിതരണം സാധ്യമാകാതിരുന്നത് എന്നാണ്. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കടകളിൽ റെയ്ഡ് നടത്തി പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുത്ത് പകരം തുക ഈടാക്കി തുണി സഞ്ചി നൽകി പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് എന്നാണ്.

പദ്ധതി നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ചാണ് ഇവിടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. തുണിസഞ്ചികൾക്കായി പിരിച്ചെടുക്കേണ്ട തുക 50% പിരിച്ചെടുക്കുന്നത് വരെ 2018-19 വർഷം ആകെ ചെലവഴിച്ച 66,096/- രൂപയിൽ 33,048/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.തുണി സഞ്ചി വിററഴിച്ച് ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താത്ത പക്ഷം ടി തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം-3/18-19/25.6.19**

**തടസ്സപ്പെടുത്തിയ തുക-33,048/-രൂപ**

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതി | അടങ്കൽ തുക | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| സെക്രട്ടറി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (നം.139/19) | 1913250/- (സി.എഫ്.സി) | 1913250/- | 16/18-19/18.7.18-100000/- 913250/-26/18-19/22.9.18 | കേരള വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കു വരുത്തി. |
| സെക്രട്ടറി | അങ്കണവാടി നം.39 വയറിംഗ്(146/19) | 54,000/- (വികസന ഫണ്ട്) | 54000/-രൂപ ഒടുക്കു വരുത്തിയതിൽ 52931/- രൂപയുടെ വിനിയോഗ വിവരം | 3/18-19/26.5.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്. ഇ.ബി യിൽ ഒടുക്കു വരുത്തി. |

| | | | | | |
|---|---|---|---|---|---|
| | | | ലഭ്യമാക്കി. ചെലവഴിക്കാൻ അവശേ ഷിക്കുന്ന 1069/-രൂപ തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയി ക്കേണ്ടതാണ്. | | |
| സെക്രട്ടറി | അങ്കണവാടികൾക്കും ആയുർവേദ ഡിസ്പൻസറിക്കും വൈദ്യുതീകരണം (200/19) | 212625/- (സി.എഫ്.സി) | 63000/- | 84/18-19/21.3.19 | പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീ യറുടെ കാര്യാലയ ത്തിൽ ഒടുക്കു വരുത്തി. |
| സെക്രട്ടറി | .IKM ന് പഞ്ചായത്ത് വിഹിതം നൽകൽ(5/19) | 80,000/- (വികസന ഫണ്ട്) | 80,000/- | 13/18-19/18.7.18 | ഐ.കെ.എം, ഡയറക്ടർക്ക് നൽകി. |
| സെക്രട്ടറി | ജീവനം-ഡയാലിസിസ് പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ(24/19) | 1,00,000/- (വികസന ഫണ്ട്) | 100000/- | 8/18-19/27.619 | കൊല്ലം ജില്ലാ പഞ്ചായ ത്തിന് നൽകി |
| സെക്രട്ടറി | സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം നൽകൽ(55/19) | 1,00,000/- (വികസന ഫണ്ട്) | 100000/- | 48/18-19/21.12.18 | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകി. |
| ഹെഡ്മാസ്റ്റർ | എസ്.എസ്.എ വിഹിതം(28/19) | 8,00,000/- (വികസന ഫണ്ട്) | 8,00,000/- | 1/18-19/27.7.18 | എസ്. എസ്.എ, കൊല്ലം നൽകി |
| | | **ആകെ** | 30,57,319/- രൂപ | | |

വിശദാംശങ്ങൾ അടങ്ങിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**തടസ്സപ്പെടുത്തിയ തുക – 30,57,319 /-രൂപ**

## 3-3 ഘൂങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം -ഗ്രാമ പഞ്ചായത്ത് നിവാസികളുടെ പ്രാതിനിധ്യം നാമമാത്രം

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | ഘൂങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം(148/19) |
| അടങ്കൽ തുക | 77,000/-(തനത് ഫണ്ട്) |
| ചെലവ് തുക | 46,000/- |

ഹിന്ദുസ്ഥാനി കലാ പാരമ്പര്യത്തെ നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുക എന്നലക്ഷ്യത്തോടെ നടപ്പിലാക്കിയ നൂതന പദ്ധതിയാണ് ഘൂങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം.ആയതിലേയ്ക്ക് ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും പരിപാടികൾ അവതരിപ്പിച്ച് അംഗീകാരം നേടിയ ഒരു വ്യക്തിയുടെ നേതൃത്വത്തിൽ പഠിതാക്കൾ ഒരു വർഷ കാലയളവിൽ മാസംതോറും 3 ദിവസം മുതൽ 5 ദിവസം വരെ പരിശീലനം നേടുന്നു.പരിശീലകന് പ്രതിമാസം 30,000/-രൂപ നിരക്കിലും സഹായിക്ക് 10,000/- രൂപ നിരക്കിലും വേതനം നൽകുന്നു.പഠിതാക്കളിൽ നിന്നും പ്രതിമാസം 750/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നു.തൻ വർഷം ടി പദ്ധതിക്കായി 46,000/- രൂപ വേതനമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 41,250/-രൂപ ഫീസിനത്തിൽ വരവായും ലഭിച്ചിട്ടുണ്ട്.

ഘൂങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ ഗ്രാമപഞ്ചായത്തിൽ മാത്രമുള്ളവരല്ല.ആകെയുള്ള 18 ഗുണഭോക്താക്കളിൽ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്നവർ കേവലം 2 ഗുണഭോക്താക്കൾ മാത്രമാണ് . ആയതിനാൽ പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിച്ചുവെന്ന് വിലയിരുത്തുവാൻ കഴിയുന്നില്ല.തുടർ വർഷങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്നവരെ കൂടുതൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്തിന് പ്രയോജനം ലഭിക്കത്തക്കതായിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തെരുവു വിളക്ക് പരിപാലനത്തിനായി തുക ചെലവഴിക്കൽ -തെരുവു വിളക്കുകളുടെ എണ്ണവുമായി വലിയ അന്തരം

| | |
|---|---|
| പദ്ധതി,നം | തെരുവു വിളക്ക് വാങ്ങൽ,പരിപാലനം,അടാട്ട്മോഡൽ-2018-19 |
| അടങ്കൽ തുക | 65,520/(വികസന ഫണ്ട്)<br>6,86,750(CFC ഫണ്ട്) |
| ചെലവ് തുക | 6,92,732/-<br>(2,73,103-27/18-19/22.9.18 |

| | |
|---|---|
| | 65,183-56/18-19/14.1.19<br>2,67,371-60/18-19/25.1.19) |

കെ.എസ്.ഇ.ബി യുടെ നിലവിലുള്ള കണക്ക് പ്രകാരം പനയം ഗ്രാമ പഞ്ചായത്തിൽ ആകെ 327 സി.എഫ്.എൽ, 382 ട്യൂബ് സെറ്റ് എന്നിവയാണുള്ളത്.എന്നാൽ 2018-19 വർഷം ടി പദ്ധതി പ്രകാരം പോസ്റ്റ് ഒന്നിന് 75/- രൂപ നിരക്കിൽ മൂന്ന തവണകളിലായി 2011 സി.എഫ്.എൽ, 2125 ട്യൂബ് സെറ്റ് എന്നിവ അറ്റകുറ്റപണി നടത്തുന്നതിന് 3,10,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം അറ്റകുറ്റപണി നടത്തുന്നതിന് ഇലക്ട്രീഷ്യൻമാർക്ക് വേതനം നൽകുന്നതിന് 3,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഇവിടെ വേതനം നൽകുന്നതിന് 3,10,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള ട്യൂബ് സെറ്റുകളും, സി.എഫ്.എൽ ബൾബുകളും വർഷത്തിൽ നാല് തവണയോളം മാറേണ്ടി വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇലക്ട്രീഷ്യൻമാർക്ക് വേതനം നൽകുന്നതിന് വകയിരുത്തിയതിനേക്കാൾ 10,200/- കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു.മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂവെന്നും ബൾബുകളും ട്യൂബുകളും നിരന്തരം കേടാകുന്നതിനാൽ വർഷത്തിൽ നാലു തവണയെങ്കിലും റിപ്പയർ ചെയ്യേണ്ടത് അനിവാര്യമാണ് എന്നുമാണ്.ഇലക്ട്രിഷ്യൻമാർക്ക് ഇൻഷ്വറൻസ് എടുക്കുന്നതിന് 20,000/- രൂപ വകയിരുത്തുന്നു എന്നും ഇലക്ട്രീഷ്യൻമാർ സ്വന്തം നിലയിൽ ഇൻഷ്വറൻസ് എടുക്കുന്നതിന് സന്നദ്ധത അറിയിച്ചതിനാൽ ടി തുക കൂടി വേതനം നൽകാമെന്നുള്ള കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി തുക ഇലക്ട്രീഷ്യൻമാർക്ക് വേതനം നൽകിയത് എന്ന് വ്യക്തമാക്കിയിരിക്കുന്നു.

ജോയിന്റ് വെരിഫിക്കേഷൻ നടത്തി ബൾബുകളുടേയും ട്യൂബുകളുടേയും കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും അറ്റകുറ്റപണി നടത്തുന്നതിന് നിലവിലുള്ള ലൈറ്റ്,ട്യൂബ് എന്നിവയുടെ കൃത്യമായുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-3/18-19/25.6.19**

## 3-5 അങ്കണവാടികൾക്ക് ഫർണിച്ചറുകൾ- ഫർണിച്ചറുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുന്നില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി,നം | അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ (39/19) |
| അടങ്കൽ തുക | 2,77,000/(റോഡിതരം) |
| ചെലവ് തുക | 258750/-(9/18-19/24.11.18&10/18-19/24.11.18) |

അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിയിൽ 10 സ്റ്റീൽ അലമാര 22G,250 നീൽകമൽ ചെയർ, 250ബേബി ഫ്രണ്ട് ലി ചെയർ എന്നിവ തമ്പുരാൻ കാലയിൽ ട്രേഡ് ലിംഗ്സ് എന്ന സ്ഥാപനത്തിൽ നിന്ന് എഗ്രിമെന്റ് പ്രകാരം വാങ്ങുകയുണ്ടായി . ഇൻവോയിസ് നം.TTL/2516-18-19 തീയതി 25.10.18 പ്രകാരം 10 സ്റ്റീൽ അലമാര, 250 നീൽകമൽ ചെയർ എന്നിവക്ക് 2,19,740/- രൂപയാണെങ്കിലും 2,00,000/-രൂപ മാത്രമേ സ്ഥാപനത്തിന് നൽകിയിട്ടുള്ളൂ. അങ്കണവാടികളിൽ ഇറക്കിയ ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷനുകൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അംഗീകൃത ക്വട്ടേഷനിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളാണോ അങ്കണവാടികൾക്ക് നൽകിയതെന്ന് വ്യക്തമല്ല. 2,19,740/-രൂപയുള്ള ഫർണിച്ചറിന് 2,00,000/- രൂപ നൽകിയതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം ഇറക്കിയ അലമാരകളിൽ 2 എണ്ണം (38, 56 എന്നീ അങ്കണവാടികളിൽ) ഉപയോഗ യോഗ്യമല്ലാതിരുന്നതിനാലാണ് തുക കുറച്ച് നൽകിയത് എന്നാണ്. ഈ വിവരം പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കാത്തത് മൂലമാണ് ഗുണനിലവാരം കുറഞ്ഞ ഇനങ്ങൾ വാങ്ങേണ്ടി വരുന്നത്. ഭരണസമിതിയുടേയും നിർവഹണോദ്യോഗസ്ഥയുടേയും ഭാഗത്ത് നിന്ന് കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതും കരാർ അംഗീകരിക്കുന്ന സ്ഥാപനവുമായി വ്യക്തമായി കരാർ വയ്ക്കാത്തതും മൂലമാണ് ഗുണനിലവാരമില്ലാത്ത ഇനങ്ങളിറക്കിയിട്ടും നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നത്. വാങ്ങലുകളിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും ഭരണസമിതിയും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആസ്തിയിലില്ലാത്ത കടവ് മെയിന്റനൻസിനായി തുക ചെലവു ചെയ്തു.

1)പെരുമൺ -അമ്പലക്കടവ് മെയിന്റനൻസ്

പ്രോജക്ട്- നം-115/18-19

എം.ബുക്ക്-68/18

കരാറുകാരൻ-ശ്രീ.അനിൽകുമാർ.വി

വകയിരുത്തിയ തുക-98,500/-മെയിന്റനൻസ് ഫണ്ട്(റോഡ്)

ചെലവ് തുക – 81,112/-രൂപ
(ബിൽ നം – 9/11.7.18 )

എഗ്രിമെന്റ് നം – 35/17-18/12.12.17

സാങ്കേതികാനുമതി നം – 21763/17.18

1-ാം വാർഡിൽ മേൽ കടവിന് സൈഡ് വാൾ നിർമ്മാണവും കടവിലേക്ക് ഇറങ്ങുന്നതിനായി 4 സ്റ്റെപ്പ് നിർമ്മാണവുമാണ് ലക്ഷ്യമിട്ടത്. പ്രവൃത്തി പൂർത്തീകരിച്ച്

കരാറുകാരന് നിയമാനുസൃതമായ കിഴിവുകൾ കഴികെ പ്രതിഫലം നൽകി. എന്നാൽ മേൽ കടവ് ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടുകാണുന്നില്ല. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്തതും ആസ്തിയിലുൾപ്പെടാത്തതുമായ മേൽ പ്രോജക്ടിനായി ചെലവു ചെയ്ത തുക താല്ക്കാലികമായി തടസ്സം ചെയ്യുന്നു. വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തിയ തുക – 81,112/-രൂപ**

## 3-7 ലൈഫ് പദ്ധതി

ലൈഫ് പദ്ധതി (ജനറൽ), ലൈഫ് പദ്ധതി (എസ്സ്.സി), എന്നിവയിൽ 2018-19 വർഷം 85 പേർ കരാർ വെയ്ക്കുകയും 31 പേർ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതി (ജനറൽ) നുവേണ്ടി ഹഡ്കോയിൽ നിന്നും 1,06,67,397/- രൂപ വായ്പയെടുത്തിട്ടുണ്ട്. ആയതിൽ 23,355/- രൂപ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആദ്യഗഡു മാത്രം കൈപ്പറ്റിയവർ | രണ്ടുഗഡു വരെ മാത്രം കൈപ്പറ്റിയവർ | മൂന്നു ഗഡു വരെ മാത്രം കൈപ്പറ്റിയവർ | പണിപൂർത്തിയാക്കിയവർ | ആകെ ചെലവ് |
|---|---|---|---|---|---|
| ലൈഫ് പദ്ധതി (ജനറൽ) | 1 | 20 | 20 | 28 | 1,59,80,000 |
| ലൈഫ് പദ്ധതി (എസ്സ്.സി) | 1 | 7 | 5 | 3 | 44,73,227 |
| ലൈഫ് പദ്ധതി (എസ്സ്.സി) സ്പിൽഓവർ | 2 | 1 | 0 | 0 | 6,66,667 |
| ആകെ | 4 | 28 | 25 | 31 | 2,11,19,894 |

ആദ്യഗഡു മാത്രം കൈപ്പറ്റിയവരിൽ ശ്രീമതി.ശശികല,അഞ്ജന ഭവൻ,കോവിൽ മുക്ക് എന്ന ഗുണഭോക്താവ് മരിച്ചതിനാൽ പണിപൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് വി.ഇ.ഒ. അറിയിച്ചു. പ്രായപൂർത്തിയാകാത്ത കുട്ടികൾ മാത്രം ശേഷിക്കുന്ന ഈ കുടുംബത്തിൽ പണിപൂർത്തിയാക്കാൻ ആരും ഇല്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി ഇടപെടേണ്ടതാണ്. ആദ്യഗഡു മാത്രം കൈപ്പറ്റി പണിപൂർത്തിയാക്കാത്ത മറ്റുള്ളവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-8 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ അലോപ്പതി, ഹോമിയോ എന്നിവർ വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | ബിൽ-ചെക്ക് നം./തീ | തുക (രൂപ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) | തുക ഒടുക്കു വരുത്തിയത് |
|---|---|---|---|---|---|
| 1. | പാലിയേറ്റീവ് കെയർ | ചെക്ക്.നം 2280560/ 21.3.19 | 1,25,000/- | 1,25,000/- | കെ.എം.സി.എൽ. |
| 2. | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ(32/19) | 3/18-19/ 2.03.19 | 1,50,000/- | 1,50,000 | ഹോമിയോപ്പതിക് കോർപ്പറേഷൻ ലിമിറ്റഡ് |
| | | | ആകെ | 2,75,000/- രൂപ | |

ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,20,000 | പാലിന് സബ്സിഡി | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 37,500 | ഭിന്നശേഷി സ്കോളർഷിപ്പ് | 24,800 | 12,700 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 72,800 | 2,200 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | പാലിയേറ്റീവ് കെയർ | 1,25,000 | 25,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 26,05,000 | ലൈഫ് മിഷൻ | 1905000 | 700000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 21,09,751 | ലൈഫ് മിഷൻ | 21,09,750 | 1 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000 | സപ്ലിമെന്ററി | - | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | | | ന്യൂട്രീഷൻ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 12,53,289 | അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികൾ | 12,53,289 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50,000 | ബഡ്സ് സ്കൂൾ | 50,000 | -- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800474 | 22,300 | 22,300 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800477 | 6,262 | 6,262 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800627 | 25,876 | 25,876 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800674 | 5,408 | 5,408 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800914 | 26,418 | 26,418 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800944 | 10,717 | 10,717 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21800942 | 15,529 | 15,529 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21801073 | 12,945 | 12,945 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 21801074 | 3,676 | 3,676 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800452 | 10,00,000 | 10,00,000 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800486 | 9,13,250 | 9,13,250 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,06,67,397/-രൂപ വരവുണ്ട്. ആയതിൽ നിന്നും 1,06,44,042/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ(എം.എസ്) 68/18.05.18, 100/18,30.07.18, 110/18, 13.08.18, 34/18, 16.03.18 | 1,06,67,397 | ഇല്ല. | ഇല്ല. | - | 1,06,67,397 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3(10) | 2011-12 | 3.3.5 | അങ്കണവാടി കെട്ടിടം ബേബി ടോയ്‌ലറ്റ് | നിയമാസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,23,72,485 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,70,06,259 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,71,479 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 33,048 | ശ്രീ.സുനീഷ്കുമാർ,സെക്രട്ടറി |
| 3-2 | 22,57,319 | ശ്രീ.സുനീഷ്കുമാർ,സെക്രട്ടറി |
| | 8,00,000 | ശ്രീമതി. ഗീതാഭായി തങ്കച്ചി |
| 3-6 | 81,112 | ശ്രീ.പ്രവീൺ.പി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനീഷ്കുമാർ, സെക്രട്ടറി | സെക്രട്ടറി, പനയം ഗ്രാമപഞ്ചായത്ത് | സുനീഷ് ഭവൻ, പെരുമൺ.പി.ഒ, കൊല്ലം |
| ശ്രീ.വരുൺ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തൃക്കരുവ ഗ്രാമപഞ്ചായത്ത് | മഠത്തിൽ വീട്, കല്ലുംതാഴം.പി.ഒ, കിളികൊല്ലൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽഎം. പി4-366/2018 ,28-02-2018 | 4 |
| 2003-04 & 2004-05 | കെ.എസ്.എ.കെ.എൽഎം. പി4-588/2018 ,12.04.2018 | 1 |
| 2006-07 | കെ.എസ് . എ-കെ.എൽ.എം- പി4-777(1)/19,തീ.7.06.19 | 1 |
| 2007-08 | കെ.എസ് . എ-കെ.എൽ.എം- പി4-777(2)/19,തീ.7.06.19 | 3 |
| 2008-09 | കെ.എസ് . എ-കെ.എൽ.എം- പി4-777(3)/19,തീ.7.06.19 | 4 |
| 2009-10 | കെ.എസ് . എ-കെ.എൽ.എം- പി4-777(4)/19,തീ.7.06.19 | 4 |
| 2010-11 | കെ.എസ് . എ-കെ.എൽ.എം- പി4-777(5)/19,തീ.7.06.19 | 5 |
| 2011-12 | എൽ.എഫ്.ക്യൂ പി6-870/14/07.10.14 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി4-1716/17/10.05.18 | 11 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി6-40/16/30.05.16 | 10 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി4-1144/16/13.04.17 | 19 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി4-41/17/01.12.2017 | 16 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17,24.04.2018 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4-1393/2018,07.12.2018 | 31 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഡെപ്യൂട്ടി ഡയറക്ടർ*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19

നം:കെ.എസ്.എ.കെ.എൽ.എം..പി.4/995/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in

തീയതി : 07/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പനയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ** വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **പനയം ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷികധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P4 /995- /2019 , Dated –07/08/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **PANAYAM Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of .**PANAYAM Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

## അനുബന്ധം -2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**